# പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) & വിജിലൻസ് ഓഫീസറുടെ നടപടി ഉത്തരവ്

## (ഹാജർ: ജെസ്സി ജോസഫ്)

**വിഷയം:-** പൊതു വിദ്യാഭ്യാസം - വിജിലൻസ് - സാമൂഹ്യ മാധ്യമത്തിൽ അശ്ലീല സന്ദേശം - കോഴിക്കോട് ജില്ലയിലെ ജി.എം.യു.പി. സ്കൂൾ പൂനൂരിലെ പി.ഡി. ടീച്ചറും കോഴിക്കോട് കുടുംബശ്രീ. ജില്ലാ മിഷനിൽ അസിസ്റ്റന്റ് മിഷൻ കോർഡിനേറ്ററായി ഡെപ്യൂട്ടേഷനിൽ പ്രവർത്തിച്ച് വന്നിരുന്നതു മായ ശ്രീ. എ. സി. മൊയ്തിനെ വേലവിലക്ക് കല്പിച്ച് ഉത്തരവാകുന്നു.

**പരാമർശം:-** സർക്കാർ കത്ത് നം. 307/2017/പി.എസ്./എം. (ഇഡിഎൻ) തീയതി: 22.07.2017.

## ഉത്തരവ് നം. വിബി6/53692/2017/ഡിപിഐ തീയതി: 22/07/2017

കോഴിക്കോട് ജില്ലയിലെ ജി.എം.യു.പി. സ്കൂൾ പൂനൂരിലെ പി.ഡി. ടീച്ചറും കോഴിക്കോട് കുടുംബശ്രീ. ജില്ലാ മിഷനിൽ അസിസ്റ്റന്റ് മിഷൻ കോർഡിനേറ്ററായി ഡെപ്യൂട്ടേഷനിൽ പ്രവർത്തിച്ച് വന്നിരുന്നതുമായ ശ്രീ. എ. സി. മൊയ്തി സ്ത്രീ ശാസ്ത്രീകരണം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ വാട്സ് ആപ് ഗ്രൂപ്പായ ഹോംഷോപ്പ് ഗ്രൂപ്പിൽ അശ്ലീല സന്ദേശം അയച്ചതായി സംസ്ഥാനത്തെ വിവിധ പത്രങ്ങളിൽ റിപ്പോർട്ടുകൾ വന്നിരുന്നു.

ശ്രീ. എ. സി. മൊയ്തിന്റെ പ്രസ്തുത പ്രവൃത്തി 1960-ലെ കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട സംഹിത ചട്ടം 60-നെതിരും കടുത്ത അച്ചടക്ക ലംഘനവും ഒരു അധ്യാപകന്റെ പദവിയ്ക്ക് നിരക്കാത്തതുമാണ്. മേൽ സാഹചര്യത്തിൽ 1960-ലെ കെസിഎസ് (സിസിഃഎ) ചട്ടം 10 പ്രകാരം ശ്രീ. എ. സി. മൊയ്തിനെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം വേലവിലക്ക് കല്പിച്ച് ഉത്തരവാകുന്നു.

ശ്രീ. എ. സി. മൊയ്തിന് വേലവിലക്ക് കാലയളവിൽ നിയമാനുസൃതമായ ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) & വിജിലൻസ് ഓഫീസർ**

1. ശ്രീ. എ. സി. മൊയ്തി, ,പി.ഡി. ടീച്ചർ ജി.എം.യു.പി. സ്കൂൾ പൂനൂർ, ബാലുശ്ശേരി (എ.ഇ.ഒ, ബാലുശ്ശേരി മുഖേന)
2. വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
3. എ.ഇ.ഒ ബാലുശ്ശേരി (വേലവിലക്ക് ഉത്തരവിന്റെ 2 പകർപ്പുകൾ അയയ്ക്കുന്നു. ഒരു പകർപ്പ് ടിയാന് നൽകി രണ്ടാമത്തെ പകർപ്പിൽ ടിയാന്റെ ഒപ്പ് തീയതി വച്ച് രേഖപ്പെടുത്തി മടക്കി അയച്ച് നൽകേണ്ടതാണ്)
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി